"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്ത് - 2010-11 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.11 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ.(സാധാ) നം.2953/2022/LSGD  തീയതി,തിരുവനന്തപുരം, 30-11-2022

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 01.07.2020 ലെ പാൻ/8671/2020-എം3(ഡി.പി) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.02.2022 ലെ ഡി.കെ.എസ്.എ.2115/പി.റ്റി.2/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ പോഷകാഹാര വിതരണത്തിനുള്ള ഭക്ഷ്യ വസ്തുക്കൾ വാങ്ങിയിരുന്നത് പട്ടിത്തറ സർവ്വീസ് സഹകരണ ബാങ്ക് നീതീസ്റ്റോറിൽ നിന്നുമാണ്. അംഗൻവാടികൾക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളും ഭക്ഷ്യ ഉത്പ്പന്നങ്ങളും മാവേലിസ്റ്റോർ, നീതീസ്റ്റോർ, സഹകരണ സംഘങ്ങൾ മുതലായ സ്ഥാപനങ്ങളിൽ നിന്നും മാവേലീസ്റ്റോറുകളിലെ വിലയിൽ അധികരിക്കാതെ വാങ്ങാവുന്നതാണെന്ന് 62393/ഡിബി2/2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ മുഖേന സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ടി സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചില സാധനങ്ങൾ അധിക വില നല്കി വാങ്ങിയതായി ഓഡിറ്റിൽ കണ്ടെത്തുകയും, അധിക തുകയിനത്തിൽ നഷ്ടം വന്ന 12,148.50/- രൂപ തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ ഒടുക്കണമെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

2. മേൽ പരാമർശത്തിന് സാധൂകരണം ലഭിക്കുന്നതിനായി പട്ടിത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 08.05.2018 ലെ പട്ടിത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം മേൽ ഓഡിറ്റ് പരാമർശവും, നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ മറുപടിയും വിശദമായി ചർച്ച ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളിൽ 2010-11 വർഷത്തിൽ നീതീസ്റ്റോറിൽ നിന്നാണ് ഭക്ഷ്യ സാധനങ്ങൾ

ഇറക്കിയിരുന്നത്. ഈ കാലയളവിൽ പട്ടിത്തറ, ആനക്കര, കപ്പൂർ ഗ്രാമപഞ്ചായത്തുകൾക്കായി പടിഞ്ഞാറങ്ങാടിയിലെ ഒരേ ഒരു മാവേലി സ്റ്റോർ മാത്രമാണ് ഉണ്ടായിരുന്നത്. അംഗൻവാടികളിൽ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് മാവേലിസ്റ്റോറുമായി പല തവണ ആവശ്യപ്പെട്ടെങ്കിലും വകുപ്പിന്റെ പ്രത്യേക നിർദ്ദേശം ഇല്ലാത്തതിനാലും വളരെക്കൂടുതൽ സ്കൂളുകളിലേക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യാനുള്ളതിനാലും എണ്ണത്തിൽ കൂടുതലുള്ള അംഗൻവാടികളിൽ കൂടി ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് സാധിക്കില്ല എന്ന് മാവേലിസ്റ്റോർ മാനേജർ അറിയിച്ചതിനാൽ അംഗൻവാടികളിൽ ഫീഡിംഗ് തടസ്സം ഒഴിവാക്കുന്നതിനാണ് നീതിസ്റ്റോറിൽ നിന്നും സാധനങ്ങൾ വാങ്ങിയതെന്നും, 2011-12 ൽ മറ്റു പഞ്ചായത്തുകളിൽ മാവേലിസ്റ്റോർ വന്നതിനെ തുടർന്ന് ടി സാമ്പത്തിക വർഷം മുതൽ മാവേലിസ്റ്റോർ മുഖാന്തിരം തന്നെയാണ് ഭക്ഷ്യ വസ്തുക്കൾ അംഗൻവാടികൾക്ക് എത്തിക്കുന്നതെന്ന് പഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യം വരുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശ തുകയായ 12,148.50/- രൂപയ്ക്ക് സർക്കാർ സാധൂകരണത്തിന് അപേക്ഷിക്കുന്നതിന് പട്ടിത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതി തിരുമാനിച്ചിട്ടുള്ളതുമാണ്. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനവും, ഓഡിറ്റ് തടസ്സവും 26/11/2018 ലെ പാലക്കാട് ജില്ല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ചർച്ച ചെയ്തിട്ടുള്ളതും സർക്കാർ സാധൂകരണത്തിനായി ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതുമാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ഭരണ സമിതി തീരുമാനം,ഓഡിറ്റ് റിപ്പോർട്ട് ജില്ലാതല മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ സഹിതം അനുകൂല ശുപാർശയോടുകൂടിയാണ് സാധൂകരണം നല്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

3. ഗ്രാമപഞ്ചായത്തിൽ വളരെ കൂടുതൽ സ്കൂളുകളിലേക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യേണ്ടതിനാൽ മാവേലി സ്റ്റോറിൽ നിന്നും പ്രൊവിഷൻ വാങ്ങുന്നതും സുഗമമായി വിതരണം നടത്തുന്നതും പ്രായോഗികമായി എളുപ്പമായിരുന്നില്ല അതിനാലാണ് നീതിസ്റ്റോറിൽ നിന്നും ഭക്ഷ്യ വിതരണത്തിനുള്ള സാധനങ്ങൾ ഗ്രാമപ്പഞ്ചായത്ത് വാങ്ങുന്നത്. മാവേലി സ്റ്റോറിലെ വിലയിൽ നിന്നും അധികരിച്ച് നീതി സ്റ്റോറിൽ നിന്നും വാങ്ങൽ നടത്തിയത് അംഗൻവാടികളിലെ പോഷകാഹാര വിതരണം തടസ്സം ഒഴിവാക്കാനാണെന്നും ആയത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതായും, ആകയാൽ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ഓഡിറ്റ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. പട്ടിത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം, പാലക്കാട് ജില്ലാതല മോണിറ്ററിംഗ് സമിതി തിരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട്, ഗ്രാമപഞ്ചായത്തിൽ വളരെ കൂടുതൽ സ്കൂളുകളിലേക്ക് ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യേണ്ടതിനാൽ മാവേലി സ്റ്റോറിൽ നിന്നും പ്രൊവിഷൻ വാങ്ങുന്നതും സുഗമമായി വിതരണം നടത്തുന്നതും പ്രായോഗികമായി എളുപ്പമല്ലാത്തതിനാലും, മാവേലി സ്റ്റോറിലെ വിലയിൽ നിന്നും അധികരിച്ച് നീതി സ്റ്റോറിൽ നിന്നും വാങ്ങൽ നടത്തിയത് അംഗൻവാടികളിലെ പോഷകാഹാര വിതരണം തടസ്സം ഒഴിവാക്കാനാണെന്നും ആയത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന ഓഡിറ്റ് ഡയറക്ടറുടെ അനുകൂല ശിപാർശ എന്നിവ പരിഗണിച്ച് പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപ്പഞ്ചായത്തിന്റെ 2010-11 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 ൽ

തടസ്സപ്പെടുത്തിയ 12,148.50/- (പന്ത്രണ്ടായിരത്തി ഒരുന്നൂറ്റി നാല്പത്തിയെട്ടു രൂപ, അൻപതു പൈസ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് വകുപ്പ്, പാലക്കാട്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
സെക്രട്ടറി, പട്ടിത്തറ ഗ്രാമപഞ്ചായത്ത്, പാലക്കാട്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ